ഫാസ്റ്റ് ഫുഡ്

82 [1259] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഫാസ്റ്റ് ഫുഡ് ഉപയോഗം ജനങ്ങളുടെ ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാസ്റ്റ് ഫുഡ്, റെഡി ടു സർവ്വ് ഫുഡ് എന്നിവയിൽ പ്രിസർവേറ്റീവുകളും, നിറങ്ങളും ചേർത്തുകാണുന്നുണ്ട്. അവയിൽ പലതും അനുവദനീയമല്ലാത്തതും നിശ്ചിത അളവിൽ കൂടുതലും ആണ്. അങ്ങനെയുള്ള ആഹാരം ഉദര രോഗങ്ങൾക്ക് കാരണമാകാറുണ്ട്.

(സി) മായം ചേർക്കൽ നിരോധന നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫാസ്റ്റ് ഫുഡ് ഷോപ്പുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. മായം ചേർന്ന ഭക്ഷ്യ സാധനങ്ങൾ പിടിച്ചെടുക്കാനും നിയമപരമായ നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ഫുഡ് ഇൻസ്പെക്ടർമാർക്കും ഹെൽത്ത് ഇൻസ്പെക്ടർമാർക്കും അധികാരമുണ്ട്.

(ഡി) ഇതിനുവേണ്ടിയാണ് മായംചേർക്കൽ നിരോധന നിയമം നിലവിലുള്ളത്. മായംചേർത്തതോ, ഗുണനിലവാരം കുറഞ്ഞതോ ആയ ഭക്ഷണ സാധനങ്ങൾ പിടിച്ചെടുത്ത് പരിശോധനയ്ക്ക് അയയ്ക്കുന്നു. പരിശോധനയിൽ മായം ചേർന്നതായി കണ്ടാൽ നിയമപ്രകാരമുള്ള നടപടികൾ ദാതാവിന്റെ പേരിൽ സ്വീകരിക്കുന്നു. ഭക്ഷണ സാധനങ്ങളുടെ വിതരണത്തിന് പി.എഫ്.എ. ലൈസൻസ് ആവശ്യമാണ്. അത് നൽകുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്. ഗുണനിലവാരം കുറഞ്ഞ ഭക്ഷണ സാധനങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കുവാനും ലൈസൻസ് റദ്ദാക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഇതു സംബന്ധമായ കാര്യങ്ങൾക്ക് സർക്കാരിന് ഉപദേശം നൽകുന്നതിനായി സംസ്ഥാന തലത്തിൽ ഒരു ഉപദേശക സമിതി ഉണ്ട്. അതിന്റെ യോഗം വിളിച്ചു കൂട്ടുകയും തീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടി കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly